**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2605** **13-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികളിലെ എസ്.പി.വി.കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് പി.ഡബ്ല്യൂ.ഡി. പോലെയുള്ള സർക്കാർ വകുപ്പുകളെ എസ്.പി.വി. ആയി നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | 2016 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്ടിലെ ഖണ്ഡിക 2(Vii)(K)(KA) പ്രകാരം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്നത് പബ്ലിക്ക് ഏജൻസിയോ പൊതുമേഖലാ സ്ഥാപനമോ പൊതു-സ്വകാര്യ പാർട്ണർഷിപ്പിലുള്ള സ്ഥാപനമോ ആയിരിക്കണം. സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റേയോ മറ്റ് സംസ്ഥാന സർക്കാരുകളുടെയോ ഏതെങ്കിലും വകുപ്പ്, പൊതുമേഖലാ സംരംഭം, സർക്കാർ കമ്പനി, തദ്ദേശ സ്വയംഭരണ സ്ഥാപനം തുടങ്ങിയവ SPV യുടെ പരിധിയിൽ വരാവുന്നതാണ്. എന്നാൽ പദ്ധതികളുടെ നിർവ്വഹണ ഏജൻസികളെ തിരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. ഇതിൽ കിഫ്ബിയ്ക്ക് യാതൊരു തരത്തിലുള്ള പങ്കുമില്ല. |
| (ബി) | വിദ്യാഭ്യാസ മേഖലയിൽ തിരഞ്ഞെടുത്തിട്ടുള്ള മിക്ക എസ്.പി.വി. കളും, സാങ്കേതിക സംവിധാനമില്ലാത്തതിനാൽ പദ്ധതി അംഗീകാരം വാങ്ങുന്നതിനും നടപ്പിലാക്കുന്നതിനും കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പൊതു വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കില, കൈറ്റ്, വാപ്കോസ്, ഇൻകെൽ എന്നീ നാല് പദ്ധതി നിർവ്വഹണ ഏജൻസികളെയാണ് ബന്ധപ്പെട്ട ഭരണവകുപ്പ് നിയോഗിച്ചിട്ടുള്ളത്. ഇവയിൽ കില, കൈറ്റ്, വാപ്കോസ് എന്നിവയ്ക്ക് സ്വന്തമായി ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റികളും ഇൻകെലിനു പൊതുവിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുമുണ്ട്. പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നത് അതത് പദ്ധതി നിർവ്വഹണ ഏജൻസികളുടെ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റികളാണ്. പദ്ധതികളുടെ ഗുണനിലവാരം, സമയക്രമം എന്നിവ ഉറപ്പാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം SPV യ്ക്കും, അതത് ഭരണ വകുപ്പുകൾക്കുമാണ്. എന്നാൽ, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി യെ പങ്കെടുപ്പിച്ച് അവലോകനയോഗങ്ങൾ കിഫ്ബിയിൽ സംഘടിപ്പിക്കാറുണ്ട്. ടി യോഗങ്ങളിൽ പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ എസ്.പി.വി. യ്ക്ക് നൽകാറുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസികളുടെ സാങ്കേതിക സംവിധാനങ്ങളിലുള്ള അപര്യാപ്തത പദ്ധതികളുടെ നടത്തിപ്പിനെയോ ഗുണനിലവാരത്തെയോ ബാധിക്കാതിരിക്കാൻ ആവശ്യമായ സാങ്കേതിക പിന്തുണ പദ്ധതി നിർവഹണ ഏജൻസികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് കിഫ്ബി നൽകി വരുന്നുണ്ട്. ഇതു കൂടാതെ, എൻജിനീയർമാരുടെ സേവനം കുറവായ പദ്ധതികളിൽ, പിഎംസി കളുടെ സേവനം ഉപയോഗിക്കാനും കിഫ്ബി നിർദേശിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | പൊതു വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കില, കൈറ്റ്, വാപ്കോസ്, ഇൻകെൽ എന്നീ നാല് പദ്ധതി നിർവ്വഹണ ഏജൻസികളെയാണ് ബന്ധപ്പെട്ട ഭരണവകുപ്പ് നിയോഗിച്ചിട്ടുള്ളത്. ഇവയിൽ കില, കൈറ്റ്, വാപ്കോസ് എന്നിവയ്ക്ക് സ്വന്തമായി ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റികളും ഇൻകെലിനു പൊതുവിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുമുണ്ട്. പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നത് അതത് പദ്ധതി നിർവ്വഹണ ഏജൻസികളുടെ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റികളാണ്. പദ്ധതികളുടെ ഗുണനിലവാരം, സമയക്രമം എന്നിവ ഉറപ്പാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം SPV യ്ക്കും, അതത് ഭരണ വകുപ്പുകൾക്കുമാണ്. എന്നാൽ, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി യെ പങ്കെടുപ്പിച്ച് അവലോകനയോഗങ്ങൾ കിഫ്ബിയിൽ സംഘടിപ്പിക്കാറുണ്ട്. ടി യോഗങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ എസ്.പി.വി. യ്ക്ക് നൽകാറുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസികളുടെ സാങ്കേതിക സംവിധാനങ്ങളിലുള്ള അപര്യാപ്തത പദ്ധതികളുടെ നടത്തിപ്പിനെയോ ഗുണനിലവാരത്തെയോ ബാധിക്കാതിരിക്കാൻ ആവശ്യമായ സാങ്കേതിക പിന്തുണ പദ്ധതി നിർവഹണ ഏജൻസികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് കിഫ്ബി നൽകി വരുന്നുണ്ട്. ഇതു കൂടാതെ, എൻജിനീയർമാരുടെ സേവനം കുറവായ പദ്ധതികളിൽ, പിഎംസി കളുടെ സേവനം ഉപയോഗിക്കാനും കിഫ്ബി നിർദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ